# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ : 9956/11/12/2024/**

പരാതികക്ഷി 1)അരുണാ കെ വി,അരുണാലയം,പുല്ലുകുളം വീട്, കടപ്പനക്കുന്ന്,തിരുവനന്തപുരം
2)കുഞ്ഞുമോൻ, സിബി നിലയം, പുല്ലുകുളം, കടപ്പനക്കുന്ന് മുതൽപേർ

എതിർകക്ഷികൾ

**ഉത്തരവ് തീയതി 09.01.2026**

തിരുവനന്തപുരം നഗരസഭയിലെ കടപ്പനക്കുന്ന് വാർഡിലെ പുല്ലുകുളം നിവാസികളായ 36 പേർ ഒപ്പിട്ട് സമർപ്പിച്ച പരാതിയാണിത്. സർക്കാരിൻെറ അധീനതയിലുള്ള കടപ്പനക്കുന്ന് പൗൾട്രി ഫാമിൽ നിന്നുള്ള മലിനീകരണം ആണ് പരാതിക്ക് ആസ്പദമായ വിഷയം. രൂക്ഷമായ ദുർഗന്ധം കാരണം സമീപവാസികൾക്ക് ജീവിക്കാൻ പറ്റാത്ത സാഹചര്യമാണെന്നും ആയതിനാൽ കോഴിഫാം ജനവാസം കുറഞ്ഞ മറ്റൊരു സ്ഥലത്തേക്ക് മാറ്റണമെന്നും മറ്റും പരാതിയിൽ പറയുന്നു.

2. പരാതി വിഷയത്തിൽ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ 27.01.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. 1989 ൽ കടപ്പനക്കുന്നിലെ ജനവാസം ഇല്ലാതിരുന്ന സ്ഥലത്താണ് 40 ഏക്കറോളം ഭൂമി സർക്കാർ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് നൽകിയതെന്നും ഫാം തുടങ്ങിയ സമയത്ത് ആ പ്രദേശം പഞ്ചായത്തിന്റെ കീഴിലായിരുന്നു എന്നും, ഫാമിൻെറ തറയിൽ നിന്ന് ഉയരത്തിലുള്ള പ്രത്യേകം വിഭാവനം ചെയ്തിട്ടുള്ള ഇരുമ്പ് കൂടുകളിലാണ് കോഴികളെ വളർത്തുന്നതെന്നും, ഇതിന് "ഹൈടെക് കേജ് സിസ്റ്റം" എന്നാണ് പറയുന്നതെന്നും, ഫാമിൽ ഈച്ച ശല്യം ഉണ്ടാകാതിരിക്കുന്നതിനായി No flee bait ഉപയോഗിക്കുന്നുണ്ടെന്നും, കോഴി ഷെഡുകളുടെ അടിയിൽ കാഷ്ടം കെട്ടിക്കിടക്കാറില്ല എന്നും, എല്ലാദിവസവും ഷെഡ് പ്രഷർ പമ്പ് ഉപയോഗിച്ച് കഴുകി വൃത്തിയാക്കുന്നുണ്ടെന്നും, പരിസരമലിനീകരണം ഉണ്ടാകുന്നില്ല എന്നും, കൂടാതെ യോഗ്യതയുള്ള വെറ്ററിനറി സർജന്മാരെ നിയോഗിച്ചുകൊണ്ട് അവർ കൃത്യമായി ദിവസേന കാര്യങ്ങൾ വിലയിരുത്തുകയും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുകയും

ചെയ്യുന്നുണ്ടെന്നും, പരാതിക്കാരുടെ ആശങ്ക അടിസ്ഥാനമില്ലാത്തതാണെന്നും മറ്റും റിപ്പോർട്ടിൽ പ്രതിപാദിച്ച് കാണുന്നു.

3 പരാതി പരിഗണനയ്ക്കെടുത്ത 09.01.2026 തീയതി ഹർജികക്ഷികളുടെ പ്രതിനിധി ഹാജരായി ആക്ഷേപം സമർപ്പിച്ചു. ദുർഗന്ധവും ഈച്ചകളുടെ ശല്യവും തുടർന്നുകൊണ്ടിരിക്കുകയാണെന്ന് ഹർജികക്ഷികൾ ആക്ഷേപത്തിൽ പറയുന്നു.

4. ശുചീകരണ പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ ഫാമിൽ നടത്തേണ്ടതും മലിനീകരണം ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും ആണെന്ന നിർദ്ദേശത്തോടുകൂടി ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്, മാനേജിംഗ് ഡയറക്ടർ പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്

ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ